LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാന തൊഴിലാളികൾക്ക് രാത്രികാല വാസകേന്ദ്രം

229 (T*2509) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അന്യ സംസ്ഥാന തൊഴിലാളികൾക്ക് രാത്രികാല വാസ കേന്ദ്രങ്ങൾ നിർമ്മിക്കുമെന്ന് ബഡ്ജറ്റ് പ്രഖ്യാപനം നടത്തിയിരുന്നോ; എങ്കിൽ നിർമ്മിച്ചു നൽകിയ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഓരോ കേന്ദ്രത്തിനും ചെലവായ തുക എത്ര;

(ബി) പ്രഖ്യാപനം നടത്തിയത് ഏത് ബഡ്ജറ്റിലാണ്; പദ്ധതി പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ, ട്രഷറിയിൽ നിന്നും പിൻവലിക്കാതെയുള്ള തുകയുടെ കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) 'ഭവനം ഫൗണ്ടേഷൻ കേരള' നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിൽ ഒന്നാണ് 'അപ്ന-ഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നൽകുന്നത്. ഇത് രാത്രികാല വാസ കേന്ദ്രം (നൈറ്റ് ഷെൽറ്റർ) അല്ല.

അപ്ന-ഘർ പദ്ധതി :

മതിയായ താമസ സൗകര്യങ്ങളുടെ അഭാവത്തിൽ ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾ അനാരോഗ്യകരവും വൃത്തിഹീനവും സുരക്ഷിതത്വമില്ലാത്ത സ്ഥലങ്ങളിലാണ് വസിക്കുന്നത്. ഇതിന് പരിഹാരമായിട്ടാണ് അപ്ന-ഘർ പദ്ധതി. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര IITP, കഞ്ചിക്കോടിൽ (കിൻഫ്രയിൽ നിന്ന് സ്ഥലം ലീസിന് എടുത്ത്) 42000 Sqft. വിസ്തീർണ്ണമുള്ള ഗ്രൗണ്ട് +3 പാർപ്പിട സമുച്ചയം എല്ലാ സൗകര്യങ്ങളോടും കൂടി നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയാണിത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതും 2016 മാർച്ച് 31-ഓടുകൂടി ഒന്നാംഘട്ട പണികൾ പൂർത്തിയാക്കി തൊഴിലാളികൾക്ക് താമസ സൗകര്യത്തിന് വിട്ട് നൽകുന്നതുമാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) 2012-13-ലെ ബഡ്ജറ്റിലാണ് പ്രഖ്യാപനം നടത്തിയത്. അതേ വർഷം തന്നെ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അപ്ന-ഘർ പദ്ധതിക്കുവേണ്ടി 2013-14 സാമ്പത്തിക വർഷത്തിൽ 2.5 കോടിരൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 3 കോടിരൂപയും അനുവദിച്ചിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 2.5 കോടിരൂപ 31 ജനുവരി 2014-ലും 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 3 കോടിരൂപ 26 സെപ്റ്റംബർ 2015-ലുമാണ് ഭവനം ഫൗണ്ടേഷൻ കേരളയ്ക്ക് നൽകിയത്. നിലവിൽ പാലക്കാട് ജില്ലയിൽ മാത്രമാണ് ഈ പദ്ധതി നടന്നുവരുന്നത്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങി പാർക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലും ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കായി താമസസൗകര്യം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ലഭിച്ച 5.5 കോടി രൂപയിൽ നാളിതുവരെ 3 കോടി രൂപ ചെലവായിട്ടുള്ളതും ബാക്കി തുകയായ 2.5 കോടിരൂപ ഇപ്പോൾ ട്രഷറിയിൽ നിലനിൽക്കുകയും ചെയ്യുന്നു.

ബീഡി തൊഴിലാളികളുടെ പുനരധിവാസം

230 (2510) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബീഡി തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി വ്യവസായ വകുപ്പുമായി ചേർന്ന് പദ്ധതികൾ രൂപീകരിച്ചു നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

ബാർ തൊഴിലാളികളുടെ പുനരധിവാസം

231 (2511) ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. കെ. ദാസൻ :

ശ്രീ. വി. ചെന്താമരാക്ഷൻ:

ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ നിരോധനത്തെ തുടർന്ന് അവിടെ പണിയെടുത്തുകൊണ്ടിരുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പട്ടിണിയിലായ തൊഴിലാളി കുടുംബങ്ങൾക്ക് ആശ്വാസ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly